# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3231 10.12.2018-ൽ മറുപടിക്ക്

**എച്ച്.എസ്.എസ്.ടി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 30.6.2017 ൽ നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.ടി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഈ പ്രക്രിയകൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തീയാക്കണമെന്നും എറണാകുളം ട്രിബ്യൂണൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി നമ്പർ 459/2010 റാങ്ക് ലിസ്റ്റിലുള്ളവരെ ഹിയറിംഗിന് വിളിച്ചിരുന്നുവോ; ഹിയറിംഗ് നടത്തിയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; ഇതിൻമേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (എ) ഉം (ബി) ഉം<br>ഉണ്ട്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി 459/10 (ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കോമേഴ്സ്, ജൂനിയർ) റാങ്ക് ലിസ്റ്റിലുള്ളവരെ ഹിയറിംഗ് നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

# ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ നടപടിക്രമങ്ങൾ

വിഷയം:- ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - Sri. Sharmesh & others ഫയൽ ചെയ്ത OA (EKM) 664/17നമ്പർ കേസിൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

---

ഉത്തരവ് നംപർ:- എഡി. ബി3/70063/ഹ.സെ.വി /17 തീയതി:- 24/03/2018

---

പരാമർശം:
1. OA (EKM) 664/17 നമ്പർ കേസിൽ ബഹു. KATന്റെ 23.10.2017 തീയതിയിലെ ഉത്തരവ്
2. ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ 26.02.2018 ന് നടന്ന ഹിയറംഗ്
3. OA (EKM) 2401/17നമ്പർ കേസിൽ ബഹു. KATന്റെ 04.12.2017 തീയ്യതിയിലെ ഇടക്കാല ഉത്തരവ്

## ഉത്തരവ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ Sri. Sharmesh & others ഫയൽ ചെയ്ത OA (EKM) 664/17നമ്പർ കേസിന്റെ 23.10.2017 ലെ പരാമർശം (1) ഉത്തരവിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ് തസ്തികയിൽ 30.06.2017 ന് തസ്തിക സൃഷ്ടിക്കൽ മൂലമുണ്ടായ ഒഴിവുകളും അന്നേദിനം നിലവിലുണ്ടായിരുന്നതുമായ ഒഴിവുകൾ സംബന്ധിച്ച് ഹയർസെക്കന്ററി ഉപമേഖലാ മേധാവികളിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം ഹർജിക്കാരെ നേരിൽ കേട്ട് റിപ്പോർട്ട് ചെയ്യേണ്ടതായ ഒഴിവുകൾ കണ്ടെത്തി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു.

പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആർ.ഡി.ഡി മാരിൽനിന്ന് എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ് തസ്തികയുടെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. കൂടാതെ ടി കേസിലെ കോടതി ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരം ഹർജിക്കാരെ ഹയർസെക്കന്ററി ഡയറക്ടർ 26/02/2017 ൽ നേരിൽ കേട്ടിരുന്നു.

30.06.2017 ന് എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ് തസ്തികയിൽ നിലവിലുണ്ടായിരുന്നതും തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതുമായ എല്ലാ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഹർജിക്കാർ ഹിയറിങ്ങിൽ ബോധിപ്പിച്ചു.

16/04/01 ലെ GO(P)No.144/2001/G.Edn നം. ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേക്കുള്ള അദ്ധ്യാപക നിയമനത്തിനായി ആകെ തസ്തികയുടെ 25% യോഗ്യരായ HSA/UPSA/LPSA അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനം മുഖേനയും 75% നേരിട്ടുള്ള നിയമനം മുഖേനയുമാണ് നികത്തേണ്ടത്. നിലവിൽ എച്ച്.എസ്.എസ്.റ്റി കോമേഴ്സ് തസ്തികയിലെ sanctioned post 639 ആണ്. സ്പെഷ്യൽ റൂൾസ് പ്രകാരം പ്രസ്തുത തസ്തികകളുടെ 75% ആയ 479 തസ്തികകളിലാണ് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തേണ്ടതെങ്കിലും 556 പേർക്ക് പി.എസ്.സി വഴി ടി തസ്തികകയിൽ നിയമനം നൽകിയിട്ടുണ്ട്. 30.06.2017 ന് എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സിൽ 92 ഒഴിവുകൾ ഉണ്ടായിരുന്നുവെങ്കിലും അതിലെ 31 ഒഴിവുകളിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ നൽകുകയും പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിഭാഗത്തിലും എൻ.സി.എ വിഭാഗത്തിലും ഉൾപ്പെടുന്ന 10 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 51 ഒഴിവുകളിൽ തസ്തികമാറ്റ നിയമനത്തിനായി 2011-15 കാലയളവിൽ നീക്കിവെച്ചിരുന്ന 33 ഒഴിവുകളിലേക്ക് 02.11.2017 ന് നിയമനം നൽകിയിട്ടുണ്ട്. 18 ഒഴിവുകൾ 01/01/2016 മുതലുള്ള

തസ്തികമാറ്റ നിയമനത്തിനുമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തസ്ത. ,മാറ്റ നിയമനത്തിനായി സ്പെഷ്യൽ റൂൾസ് നിഷ്കർഷിക്കുന്ന അനുപാതം അനുസരിച്ച് 16 തസ്തികകളിലാണ് നിയമനം നൽകേണ്ടതെങ്കിലും 52 എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ അദ്ധ്യാപകർക്കു മാത്രമാണ് പ്രസ്തുത തസ്തികയിൽ നിയമനം ലഭിച്ചത്. 2008-2011 കാലയളവിൽ യോഗ്യരായ എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ അദ്ധ്യാപകരുടെ അഭാവത്തിൽ പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 2011-15 കാലയളവിലെ തസ്തികമാറ്റത്തിനായി തയ്യാറാക്കിയ യോഗ്യരായ എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ അധ്യാപകരുടെ അന്തിമപട്ടികയിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് ഒഴിവുകളുടെ അഭാവത്തിൽ ടി തസ്തികയിൽ നിയമനം ലഭിക്കാതെ വരികയും ആയതിന്റെ ഫലമായി OA(EKM)2401/17 നമ്പർ കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യുകയും പരാമർശം (3) പ്രകാരം നേരിട്ടുള്ള നിയമനത്തിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യരുതെന്നുള്ള ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അനുപാതം നിലനിർത്തുന്നതിനായി ഇനിയുണ്ടാകുന്ന ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി നീക്കിവയ്ക്കേണ്ടതിനാലും നേരിട്ടുള്ള നിയമനത്തിനായി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യരുതെന്ന് പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതിനാലും ഹർജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ല. ആയത് നിരസിച്ച് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമവിധിപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

ഒപ്പ്/-
പി.കെ സുധീർബാബു ഐ.എ.എസ്
**ഡയറക്ടർ**

പകർപ്പ്

1. Sri. Sharmesh.P & others
2. അഡ്വക്കേറ്റ് ജനറൽ എറണാകുളം
3. ഫയൽ കോപ്പി
4. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം
സൂപ്രണ്ട്

സെക്ഷൻ ഓഫീസർ